LITERATURE STUDIES

# 'ഒറ്റക്കണ്ണൻമാർ' വ്യാഖ്യാനവും ശരീരത്തിന്റെ തുറന്നാട്ടവും

**കൃഷ്ണൻ പി.സി.**
മലയാളം ഗവേഷകൻ
കെ.കെ.ടി.എം. ഗവ. കോളേജ്, പുല്ലൂറ്റ്
കാലിക്കറ്റ് സർവകലാശാല.
Email: kichuspallikkara@gmail.com

**സംഗ്രഹം**

ഏകാന്തതയുടെയും കാമനയുടെയും അവസ്ഥാവ്യതിയാനങ്ങളിൽ ഒറ്റക്കണ്ണുകൾ ഉള്ള ആകാശജീവിയെപ്പോലെ ചന്ദ്രനും മദ്യലഹരിയിലാണ്ട ഒറ്റക്കണ്ണൻ പൂച്ചകളും തീർക്കുന്ന ഭാവവ്യത്യാസങ്ങളുടെ കഥ പറയുന്ന സക്കറിയയുടെ 'ഒറ്റക്കണ്ണൻമാർ'. അപരമായ സ്വത്വബോധം ഇവിടെ പ്രകടമാകുന്നത് അടക്കിനിർത്തിയ കാമനകളിലൂടെയാണ്. പൂച്ച പൊതുബോധത്തിൽനിന്ന് അകറ്റിനിർത്തിയ കാമനയുടെ ഭ്രാന്തമായ അവസ്ഥയെ സൂചിപ്പിക്കുന്നു. ഇത്തരത്തിലുള്ള ഭ്രാന്തമായ സ്വത്വത്തെ അന്വേഷിക്കുകയാണ് ഈ പ്രബന്ധം.

**താക്കോൽവാക്കുകൾ :** അപരനിർമിതി, കാമന, ഇടം.

**ആമുഖം**

മനുഷ്യരുടെ ഏകാന്തതയും ഒറ്റപ്പെടലിനും കൂട്ടിരിക്കുന്ന ജീവികളുടെ അവസ്ഥാവ്യതിയാനങ്ങളാണ് 'ഒറ്റക്കണ്ണൻമാർ' എന്ന കഥയിൽ പ്രകടമാകുന്നത്. ദാമ്പത്യത്തിൽ തകരുന്ന ആൺ-പെൺ ബന്ധത്തിന്റെ പശ്ചാത്തലത്തിൽ കാമനകൾ വ്യത്യസ്തഭാവനകൾ പ്രകടിപ്പിക്കുന്നു. അപരമായ സ്വത്വബോധം ഇവിടെ പ്രകടമാകുന്നത് അടക്കിനിർത്തിയ കാമനകളിലൂടെയാണ്. മനസ്സും നിഴലും സഞ്ചാരപഥങ്ങളിൽ ഒന്നായിത്തീരുന്നതോടെ കാമനകൾ അതിന്റെ സ്വത്വം പ്രകടിപ്പിക്കുന്നു. ഇവിടെയാണ് പൂച്ചയുടെ പ്രകടനം പൊതുബോധത്തിൽനിന്നും വഴിമാറിയ കാമനയുടെ ഭ്രാന്തമായ അവസ്ഥയിലെത്തുന്നത്. ആനന്ദമൂർച്ഛയിൽനിന്ന് രതിമൂർച്ഛയിലേയ്ക്ക് അതു വഴിമാറുന്നു. എന്നാൽ കാമനകൾക്ക് കടിഞ്ഞാണിടാൻ ശ്രമിക്കുമ്പോഴും ആഗ്രഹങ്ങൾ ഇവിടെ സ്വതന്ത്രമായി സഞ്ചരിക്കുന്നു. പിന്നീടെപ്പോഴോ കാമനകളുമായി കൂടിച്ചേരുകയും ചെയ്യുന്നു. ആഗ്രഹങ്ങൾക്കും കാമനകൾക്കും ഇടയിൽ ആത്മം അതിന്റെ സ്വത്വത്തെ ഈ കലക്കങ്ങളിൽ വേർപെടുത്താനാവാത്ത രൂപത്തെ സൃഷ്ടിച്ച് കാമനകളെ വ്യത്യസ്തങ്ങളായ ആഖ്യാനരീതിയിൽ നിലനിർത്തുന്നു.

 ISSN: 2582 - 2594

സ്വവർഗരതി(ഗേ)യുടെ കാമനകളെ അപരമാക്കുന്ന പൂച്ച മനുഷ്യന്റെ പ്രതിരൂപാത്മക ചലനങ്ങളെ അടയാളപ്പെടുത്തുന്നു. അത് ആത്മത്തിൽ കുടികൊള്ളുന്ന അപരമാണ്. കാമനകൾക്ക് കടിഞ്ഞാണിടാൻ ശ്രമിക്കുമ്പോൾ ആഗ്രഹങ്ങൾ സ്വതന്ത്രമായി സഞ്ചരിച്ച് എപ്പോഴോ കാമനകളുമായി കൂടിച്ചേരുന്നു. ആഗ്രഹങ്ങൾക്കും കാമനകൾക്കും ഇടയിൽ ആത്മം അതിന്റെ സ്വത്വരൂപം അണിയുന്നു. 'ഒരു കണ്ണ് പൊട്ടിയ ഒരു കണ്ടൻപൂച്ച എന്റെ താഴ്ത്തിയിട്ട മുണ്ട് തള്ളിനീക്കിക്കൊണ്ട് അവന്റെ തണുത്തുനിഷ്ഠുരമായ മൂക്കുമുതൽ വിറയ്ക്കുന്ന വാൽത്തുമ്പുവരെ എന്റെ കാലുകളിൽ ഒരു കാമുകനെപ്പോലെ ആവേശത്തോടെ വീണ്ടും വീണ്ടും ഉരസുന്നു' (സക്കറിയ:2012:163). കണ്ടൻപൂച്ച എന്ന പ്രയോഗം ആൺപ്രതീകത്തെ നിർമിക്കുമ്പോൾ നിലനിൽക്കുന്ന കാമനകൾ പൊതുബോധനിർമിതിയുടെ വിരുദ്ധപ്രവർത്തനങ്ങളിൽ കൂട്ടിച്ചേർക്കലുകൾക്ക് കാരണമാകുന്നു. കാമുകൻ എന്ന പ്രയോഗം അവയോട് ചേർത്ത് വായിക്കുമ്പോൾ 'ഗേ' ബോധത്തിന് ഊന്നൽ നൽകുന്നു. എന്നാൽ നവീന ആധുനികത എല്ലാ കാമനകളെയും ഒരുപോലെ ഘോഷിക്കുന്നവയാണ്. എതിർവർഗലൈംഗികത (Heterosexuality), ഉഭയലൈംഗികത/ദ്വിവർഗലൈംഗികത (Bisexuality), ഗേ (Gay), ലെസ്ബിയൻ (Lesbean) ലൈംഗികതകൾ ഒരാളുടെ തിരഞ്ഞെടുപ്പായി മാറുന്നു. വ്യത്യസ്ത ചുറ്റുപാടുകളും സാമൂഹികപ്രേരണകളും അവയിൽ സങ്കീർണ്ണങ്ങളായ പ്രതിപ്രവർത്തനങ്ങൾക്കു വഴിയൊരുക്കി. സദാചാരം ഈ ചേരിതിരിവിൽ സജീവമാവുകയും ശരീരം രണ്ടാംതരമാവുകയും ചെയ്തു. 'ആധുനികസംസ്കാരം സദാചാരവിരുദ്ധമായി ചിത്രീകരിച്ച് ജീവിതത്തിൽനിന്നും മാറ്റിനിർത്തിയ മോഹനങ്ങളായ അനുഭൂതികളാണ് ശരീരംകൊണ്ട് പ്രതിനിധാനം ചെയ്യപ്പെടുന്നത്. അവയെ വിഭ്രാമകമായിക്കണ്ട് അടിച്ചമർത്തുകയും അവയ്ക്കു വിധേയമാകുന്നവരെ മനോരോഗചികിത്സകൊണ്ട് യുക്തിചിക്തരാക്കുകയുമാണ് ചെയ്തുപോന്നത്'' (എബി കോശി:2017:188-89).

മനുഷ്യലൈംഗികതയുടെ നിരവധി വ്യതിയാനങ്ങളിൽ ഒരു വ്യതിയാനം മാത്രമാണ് സ്വവർഗലൈംഗികത എന്ന കാഴ്ചപ്പാടാണ് ഇന്ന് വൈദേശികസംസ്കാരം നിലനിർത്തിപ്പോരുന്നത്. കാമനകളാൽ ഉദ്ദീപ്തമായ ലാവണ്യാത്മകപ്രക്രിയക്ക് വിധേയമാവുക എന്നത് ലിംഗപരമായ വ്യത്യാസങ്ങളന്യേ ഏതൊരു ശരീരത്തിനും സാധ്യമാണ്. ആൺ-പെൺ ലിംഗപദവികൾ അവിടെ ഉടഞ്ഞുവീഴുന്നു. ആൺ/ ആഖ്യാതാവിന്റെ യുക്തിഭദ്രമെന്ന് കരുതിയ ആത്മബോധം അവിടെ വിഘടിക്കപ്പെട്ട് സ്ത്രൈണപരിണാമങ്ങൾക്ക് സജ്ജമായിത്തീരുന്നു. പ്രണയവും കാവ്യാനുഭവവും അതിനാൽ സ്ത്രൈണാനുഭവങ്ങൾ തന്നെയാണ്. രണ്ടിന്റെയും പ്രഭവസ്ഥാനം ശരീരമാണ്. സ്വവർഗാനുരാഗം, സ്വവർഗപ്രണയം, സ്വവർഗപ്രേമം, സ്വവർഗസ്നേഹം എന്നീ തലങ്ങളിൽ ഇവ വ്യത്യസ്തഭാവങ്ങൾ അടയാളപ്പെടുത്തുന്നു. സ്വവർഗപ്രണയത്തിന്റെ ഭാവങ്ങൾ പൂച്ചയിൽ പ്രകടമാകുമ്പോൾ പൊതുബോധം അതിനെ കീഴ്പ്പെടുത്താൻ ശ്രമിക്കുന്നതിന്റെ ഫലമാണ് ശപിച്ചുകൊണ്ട് പൂച്ചയെ തൊഴിക്കാനുള്ള ശ്രമം. പിന്നീട് എപ്പോഴോ ശരീരം കാമനകളുമായി ഇഴകിച്ചേരുമ്പോൾ പ്രകൃതിയും അനുകൂലഭാവങ്ങൾ പ്രകടിപ്പിക്കുന്നതുകാണാം. 'എന്റെ കിനാക്കളിൽ മാത്രം ഞാൻ കണ്ടിട്ടുള്ള, ഒരു കുഞ്ഞിനെപ്പോലെ എന്നെ അവരുടെ അനവധി മൃദുലതകളിലേക്കു മുക്കിക്കളയാൻ പോന്ന അമാനുഷികവും മഹാകായകളുമായ ആർദ്രമദാലസകളിലൊരുവളെപ്പോലെ വാത്സല്യത്തോടെയും കാമത്തോടെയും ചന്ദ്രൻ എന്നെ നോക്കി ആശിക്കുന്നു' (സക്കറിയ:2012:164). മനസും ശരീരവും സ്വവർഗത്തിന്റെ അനുരണനങ്ങൾ പ്രകടിപ്പിക്കുന്ന അവസ്ഥ. കൂടാതെ എതിർലിംഗഇണബോധവും പ്രകടനപരതയിൽ സ്വപ്നമായി

കടന്നുവരുന്നുണ്ടെങ്കിലും 'കൂട്ടുവിട്ട് കൂടുമാറിയ കാമാതുരൻ' എന്ന പ്രയോഗം എതിർലൈംഗികവാദത്തിൽനിന്ന് സ്വവർഗത്തിന്റെ കാമാതുരമായ അവസ്ഥയെയാണ് പ്രകടിപ്പിക്കുന്നത്.

സംസ്കാരത്തിന്റെ തുറന്നാട്ടത്തിൽ പ്രകൃതി ശരീരനിലയെ പൂരിപ്പിക്കുകയും പിന്തുണയ്ക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നു. എന്നാലത് അബോധപ്രേരണയുടെ തലത്തിൽ മാത്രം സാധ്യമാവുന്ന ഒന്നായി നിലനിൽക്കുന്നു. രതിബോധയെ വേർപെട്ട് വാസനകൾക്കു വിധേയമാവുകയും ചെയ്യുന്നു. 'ഹിമകണങ്ങൾകൊണ്ടും തീക്കട്ടകൾകൊണ്ടും ഒരേസമയം തീർത്ത കാലത്തിന്റെ ഉറയൂരിയ ഒരു കൊടുംവാൾ എന്റെയുള്ളിലേക്കു പ്രവേശിക്കുന്നു. എന്റെ ആനന്ദമൂർച്ഛയിൽ ഞാനൊരു പ്രജയെപ്പോലെ നിലാവിന്റെ ഗർഭപാത്രത്തിൽനിന്ന് കുതിക്കുന്നു' (സക്കറിയ:2012:164). ഇവിടെ നഗ്നത മൗലികതയുടെ പ്രതീകമാകുന്നു. ആത്മസാക്ഷാത്ക്കാരത്തിന്റെ ഇടം സാധാരണമാവുകയും സ്വതന്ത്രലൈംഗികത ആവിഷ്കൃതമാവുകയും ചെയ്യുന്നു. 'ഉറയൂരിയ കൊടുംവാൾ' എന്നത് ആൺലൈംഗികാവയവത്തെ സൂചിപ്പിക്കുമ്പോൾ പ്രകൃതിയെയും ആണിന്റെ ബിംബമായി ആഖ്യാതാവ് ചിത്രീകരിക്കുന്നുവെന്നുകാണാം. കൊടുംവാളിന്റെ ഉള്ളിലേക്കുള്ള പ്രവേശത്തിലൂടെ (ലൈംഗിക ബന്ധപ്പെടൽ) ആനന്ദമൂർച്ഛ അനുഭവിക്കുന്ന ആഖ്യാതാവിൽ 'പ്രജ' എന്ന പ്രയോഗം കീഴടങ്ങലിന്റെ, പൂർണ്ണതയുടെ സൂചകമാണ്.

പൊതുബോധനിർമിതിയുടെ ബോധത്തിൽനിന്ന് അകറ്റിനിർത്തിയ കണ്ടൻപൂച്ചയെ വീണ്ടും ആഖ്യാതാവ് ആഗ്രഹിക്കുന്നു. അകറ്റിനിർത്തിയ ഗേ സ്വപ്നങ്ങളെ വീണ്ടെടുത്ത് സാമീപ്യത്തെ ആഗ്രഹിക്കുന്ന ആഖ്യാതാവിനെയാണ് കഥയുടെ അവസാനഭാഗങ്ങളിൽ പ്രകടമാക്കുന്നത്. 'എന്റെ മുറിയിലേക്കു കയറിപ്പോവുന്ന നടക്കല്ലുകളിലൂടെ ഒറ്റക്കണ്ണൻ പൂച്ചകളുടെ നിശ്ശബ്ദമായ ഒരു പ്രദക്ഷിണം എന്റെ കാലുകളിലുരുമ്മി ഒലിച്ചിറങ്ങി. വാതിൽക്കൽ, കതകിൽ മുട്ടാനാഞ്ഞും മടിച്ചും താക്കോലിനെ താലോലിച്ചും ഞാൻ കാത്തുനിൽക്കുന്നു.

പാൽക്കാരുടെ കണ്ണുകളെത്താത്ത കിടക്കയുടെ പഴയ ഗന്ധങ്ങളിലേക്ക് മറിഞ്ഞുവീണ് ഞാൻ കരഞ്ഞുകരഞ്ഞ് ഉറങ്ങുന്നു. എന്റെ ഉറക്കം നീളെ, മൃദുലമനസ്കരായ ഒറ്റക്കണ്ണൻ പൂച്ചകൾ എല്ലാം പൊറുത്ത് എന്നെ ആശ്ലേഷിക്കുന്നു' (സക്കറിയ:2012:165). സ്വവർഗരതി (ഗേ) ആനന്ദമൂർച്ഛയിൽ പൂർത്തീകരണങ്ങൾ തേടുമ്പോൾ പ്രകടമാവുന്ന പ്രതീകങ്ങൾ ബലം നൽകുന്ന ബിംബങ്ങളാകുന്നു. 'താലോലിക്കുന്ന താക്കോൽ' എന്ന പ്രയോഗം 'ഉറയൂരിയ കൊടുംവാൾ' എന്നതുപോലെ ആൺലൈംഗികാവയവത്തിന്റെ സൂചകമാണ്. ആത്മരതിയുടെ നിർവൃതിയായും അവയെ വായിച്ചെടുക്കാവുന്നതാണ്. ഉറക്കം നീളെ ആശ്ലേഷിക്കുന്ന ഒറ്റക്കണ്ണൻ പൂച്ചകൾ ആൺസ്വവർഗരതിയുടെ വീണ്ടെടുപ്പാണ്. 'എല്ലാം പൊറുത്ത്' എന്ന പ്രയോഗം ഓർമ്മകളിൽ നിലനിന്നിരുന്ന പൊതുബോധനിർമിതിയുടെ ഇഴകിച്ചേരലാകുമ്പോൾ, മറവി ഉള്ളിലുള്ള രതിബോധത്തിന്റെ വീണ്ടെടുപ്പുമാണ്. 'കുടുംബം' എന്ന സ്ഥാപനം അഭിമുഖീകരിക്കുന്ന പ്രതിസന്ധികൾ വിശകലനം ചെയ്യുന്ന സാമൂഹിക നിരീക്ഷണങ്ങളിലാണ് സ്വവർഗരതിയെ (ഗേ, ലെസ്ബിയൻ) ഇല്ലാതാക്കിക്കൊണ്ടിരിക്കുന്നത്, അവഗണനകൾ നേരിട്ടുകൊണ്ടിരിക്കുന്നത്. ഒറ്റക്കണ്ണുള്ളത് വൈകല്യമായി കരുതുന്ന സാമൂഹ്യധാരണയാണ് ബോധമായി വർത്തിക്കുന്നത്. സ്വവർഗലൈംഗികത പര്യാപ്തമായ ഒന്നല്ല എന്ന സാമൂഹ്യധ്വനി നിലനിൽക്കുന്നുണ്ട്. എന്നാൽ നിർമിതിയുടെ രൂപമായ ആൺ-പെൺ ലൈംഗികത പോലെതന്നെ ശാരീരികാവശ്യങ്ങളാണ് സ്വവർഗബന്ധങ്ങൾ എന്നത് പ്രശ്നവത്ക്കരിക്കുകയാണ് കഥാകാരൻ. നൂതന ആശയത്തിൽ നിലയുറച്ച ബോധം എന്നതിന്റെ അടിസ്ഥാനത്തിൽ ട്രാൻസ്ജെൻഡേഴ്സിനെ

 ISSN: 2582 - 2594

ലൈംഗികതൊഴിലിൽനിന്നും നിയന്ത്രിക്കുക എന്ന തരത്തിലുള്ള സമകാലിക ഇരട്ടത്താപ്പുകൾക്കെതിരെയുള്ള പ്രതിരോധമായി കഥയെ വായിക്കാം.

അശാന്തി, രതിയുടെ കഥകൾ (ഒ.വി. വിജയൻ), ഇരകൾ (പോഞ്ഞിക്കര റാഫി), ആളോഹരി ആനന്ദം (സാറാജോസഫ്), ബുധസംക്രമണം (കെ ദിലിപ്കുമാർ), എന്റെ കഥ (മാധവിക്കുട്ടി) എന്നീ കൃതികളിലെല്ലാം വിഷയമാകുന്നത് സ്വവർഗപ്രണയമാണ്. എന്നാൽ മനുഷ്യന്റെ അപരമായ മൃഗങ്ങളിലൂടെ അവയുടെ ജാതി /വർഗത്തിൽപ്പെട്ട ഇനങ്ങളുമായുള്ള ബന്ധങ്ങളെ പരാമർശിച്ചുകാണുന്നില്ല. ബോധപ്രവണതകൾക്കപ്പുറം നിലനിൽക്കാത്ത / നിലനിൽക്കുന്ന സക്കറിയയുടെ 'ഒറ്റക്കണ്ണന്മാർ' എന്ന കഥയിലൂടെ മനുഷ്യന്റെ അപരമായുള്ള വായന കഥയിലെ 'ഗേ' എന്ന ആശയത്തിന് നൂതന പരിപ്രേക്ഷ്യം നൽകുന്നു.

## ഗ്രന്ഥസൂചി


1. എം.എം.ബഷീർ, 2015, മലയാള ചെറുകഥാസാഹിത്യചരിത്രം (ഭാഗം ഒന്ന് 1888- 1950), തൃശ്ശൂർ: കേരളസാഹിത്യഅക്കാദമി.
2. കല്പറ്റ രാമചന്ദ്രൻ, 1998, ആധുനികരുടെ കഥാപ്രപഞ്ചം, കൊല്ലം: ഇംപ്രിന്റ്ബുക്സ്.
3. കൃഷ്ണൻ പി.സി, 2016-2017, ചെറുകഥയിലെ അപരപ്രതീതിസ്വത്വങ്ങൾ സക്കറിയയുടെ തെരഞ്ഞെടുത്ത കഥകളെ അവലംബിച്ചുള്ള പഠനം (എം.ഫിൽ ഗവേഷണ പ്രബന്ധം), വാക്കാട്: തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല.
4. കെ.പി.അപ്പൻ., 1999, കഥ ആഖ്യാനവും അനുഭവസത്തയും, കോട്ടയം: ഡി.സി.ബുക്സ്.
5. ജോസ് കെ.മാനുവൽ, 2013, ശരീരഭാഷ അവതരണവും അർഥഗ്രഹണവും, കണ്ണൂർ: കൈരളി ബുക്സ്.
6. താഹ മാടായി, 2006, സക്കറിയ വാതിൽ തുറക്കുന്നു, കണ്ണൂർ: സമയംപബ്ലിക്കേഷൻസ്.
7. പി. പവിത്രൻ, 2013, എം.എൻ വിജയൻ എന്ന കേരളീയ ചിന്തകൾ, കണ്ണൂർ: കൈരളി ബുക്സ്.
8. പ്രദീപൻ പാമ്പിരികുന്ന്, 2017, ദലിത് പഠനം സ്വത്വം സംസ്കാരം സാഹിത്യം, തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
9. പി.കെ.രാജശേഖരൻ, 2010, അന്ധനായ ദൈവം, കോട്ടയം: ഡി.സി. ബുക്സ്.
10. ബാലകൃഷ്ണൻ.എൻ.ഇളയിടം, 2000, ജന്തുശാസ്ത്രപ്രവേശം, തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
11. ഷാജി ജേക്കബ്, 2015, "ആത്മത്തിനും അപരത്തിനുമിടയിൽ ആധുനികതയുടെ കാമനാഭൂപടങ്ങൾ" (അവതാരിക), മൃഗപക്ഷിപ്രാണി കഥകൾ, കണ്ണൂർ: കൈരളി ബുക്സ്.
12. സക്കറിയ, 2012, സക്കറിയയുടെ കഥകൾ, കോട്ടയം: ഡി.സി.ബുക്സ്.
13. സുനിൽ പി ഇളയിടം, 2016, ആത്മം അപരം അധിനിവേശം, കേരള: ഐ ബുക്സ്.


## ലേഖനസൂചി


1. എബി കോശി, 2017, 'ശരീരം', താക്കോൽവാക്കുകൾ വിചാരമാതൃകകൾ കേരളീയ നോട്ടങ്ങൾ (എഡി.) അജു കെ. നാരായണൻ, ഭൂമിമലയാളം, വാല്യം 9, ഇഷ്യു 1, വിദ്വാൻ പി.ജി. നായർ സ്മാരക ഗവേഷണകേന്ദ്രം, മലയാളവിഭാഗം, ആലുവ: യു.സി.കോളേജ്.
2. ഗീത, 2017, 'ലൈംഗികത', താക്കോൽവാക്കുകൾ വിചാരമാതൃകകൾ കേരളീയ നോട്ടങ്ങൾ (എഡി.) അജു കെ. നാരായണൻ, ഭൂമിമലയാളം, വാല്യം 9, ഇഷ്യു 1, വിദ്വാൻ പി.ജി. നായർ സ്മാരക ഗവേഷണകേന്ദ്രം, മലയാളവിഭാഗം, ആലുവ: യു.സി. കോളേജ്.
3. പി. പവിത്രൻ, 2017, 'കാമന', താക്കോൽവാക്കുകൾ വിചാരമാതൃകകൾ കേരളീയ നോട്ടങ്ങൾ (എഡി.) അജു കെ. നാരായണൻ, ഭൂമിമലയാളം, വാല്യം 9, ഇഷ്യു 1, വിദ്വാൻ പി.ജി. നായർ സ്മാരക ഗവേഷണകേന്ദ്രം, മലയാളവിഭാഗം, ആലുവ: യു.സി.കോളേജ്.